**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1694** **02-02-2024 - ൽ മറുപടിയ്ക്ക്**

**കർഷകർക്ക് കാർഷിക ഉല്പന്നങ്ങളുടെ വില ഹോർട്ടികോർപ്പിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലാ കാർഷികോല്പന്ന സംഭരണകേന്ദ്രം മുഖേന കർഷകരിൽ നിന്ന് സംഭരിച്ച് ഹോർട്ടികോർപ്പിന് നൽകിയ കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിനത്തിൽ ഹോർട്ടികോർപ്പിൽ നിന്നും ലഭിക്കാനുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ; ഈ തുക എന്നത്തേയ്ക്ക് കൊടുത്തു തീർക്കാനാകുമെന്ന് അറിയിക്കാമോ; | (എ) | **കോട്ടയം ജില്ലാ കാർഷികോൽപ്പന്ന സംഭരണ കേന്ദ്രം വഴി ഈ സാമ്പത്തിക വർഷം ഇതുവരെ 29,18,859/- രൂപയുടെ പച്ചക്കറികൾ സംഭരിച്ചിരുന്നു. ഇതിൽ 27,16,581/- രൂപ നൽകിയിട്ടുണ്ട്. ജനുവരി മാസം സംഭരിച്ച പച്ചക്കറികളുടെ തുകയായ 2,02,278/- രൂപ മാത്രമാണ് ഇനി കുടിശ്ശികയായിട്ടുള്ളത്. ടി തുക ഈ മാസം തന്നെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (ബി) | കർഷകർക്ക് കിലോയ്ക്ക് എത്ര രൂപ വീതമാണ് ട്രാൻസ്പോർട്ടേഷൻ ചാർജ് കൊടുക്കാറുള്ളത്; ആയതിൽ എത്ര മാസത്തെ കുടിശിക നൽകാനുണ്ട്; അവ എന്നത്തേയ്ക്ക് കൊടുത്ത് തീർക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | **ഒരു കിലോഗ്രാമിന് 1.50 രൂപ നിരക്കിലാണ് ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകാറുള്ളത്. 2022 ഏപ്രിൽ മുതൽ 2023 ഡിസംബർ വരെ ഈ ഇനത്തിൽ നൽകേണ്ട 16.48626 ലക്ഷം രൂപയിൽ 9.41016 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.** |
| (സി) | കഴിഞ്ഞ മൂന്ന് വർഷമായി കൃഷി വകുപ്പ് മുഖേന നൽകി വരുന്ന കൈകാര്യച്ചെലവ് കിട്ടിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് കൊടുത്തുതീർക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | **2023-24 വർഷത്തിൽ കൈകാര്യച്ചെലവ് ഇനത്തിൽ വകയിരുത്തിയിട്ടുള്ള രണ്ടു ലക്ഷം രൂപ കോട്ടയം ജില്ലാ കാർഷികോല്പന്ന സംഭരണ കേന്ദ്രത്തിന് മാറി നൽകുന്നതിനായി കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ